**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5091** **02-11-2021 - ൽ മറുപടിയ്ക്ക്**

**വൈപ്പിൻ മണ്ഡലത്തിലെ നെൽകൃഷി സംബന്ധിച്ച വിവരങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | വൈപ്പിൻ മണ്ഡലത്തിൽ എത്ര ഹെക്ടർ നെൽകൃഷി ഉണ്ടെന്നതിന്റെ വിവരം പഞ്ചായത്തടിസ്ഥാനത്തിൽ വിശദമാക്കാമോ; | (എ) | വൈപ്പിൻ മണ്ഡലത്തിൽ ഉൾപ്പെട്ടിട്ടുള്ള പഞ്ചായത്തുകളിൽ 2021-22 വർഷത്തിൽ വിരിപ്പ നെൽകൃഷി ചെയ്തിട്ടുള്ളതിന്റെ വിവരങ്ങൾ അനുബന്ധം 1 ആയി ചേർക്കുന്നു. |
| (ബി) | പ്രസ്തുത മണ്ഡലത്തിൽ നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി ആവിഷ്കരിച്ച പദ്ധതികളുടെ വിശദാംശങ്ങൾ നൽകാമോ; | (ബി) | 2021-22 വർഷത്തിൽ നെൽകൃഷി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി വൈപ്പിൻ മണ്ഡലത്തിലെ നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി നൽകിയ ആനുകൂല്യങ്ങൾ ചുവടെ ചേർക്കുന്നു. 1) "പ്രത്യേക നെല്ലിനങ്ങളുടെ കൃഷി" പദ്ധതി പ്രകാരം വൈപ്പിൻ മണ്ഡലത്തിൽ 60 ഹെക്ടർ പൊക്കാളി നെൽകൃഷിക്കായി 60,000/-രൂപ അനുവദിച്ചു. 2) "പൊക്കാളി, കരി, കൈപ്പാട് എന്നീ പരമ്പരാഗത നെൽകൃഷി മേഖലകളിലെ നെൽകൃഷിക്ക് പ്രത്യേക ധനസഹായം" പദ്ധതി പ്രകാരം അനുവദിച്ച തുക സംബന്ധിച്ച വിവരം അനുബന്ധം 2 ആയി ചേർക്കുന്നു. |
| (സി) | മണ്ഡലത്തിലെ നെൽകൃഷി നാശത്തെക്കുറിച്ചുള്ള വ്യക്തമായ കണക്കുകൾ ലഭ്യമാണോ; എങ്കിൽ എത്രയാണെന്ന് അറിയിക്കാമോ? | (സി) | വൈപ്പിൻ മണ്ഡലത്തിൽ 2021-22 സാമ്പത്തിക വർഷത്തിൽ നാളിതുവരെ നെൽകൃഷി നാശം ഉണ്ടായിട്ടില്ല. |

സെക്ഷൻ ഓഫീസർ

**അനുബന്ധം 1**

| **പഞ്ചായത്ത്** | **2021-22-ൽ നെൽകൃഷി ചെയ്ത വിസ്തീർണ്ണം (ഹെക്ടർ)** |
| --- | --- |
| എളംകുന്നപ്പുഴ | 6.032 |
| കടമക്കുടി | 81.000 |
| എടവനക്കാട് | 11.000 |
| കുഴിപ്പിള്ളി | 4.000 |
| നായരമ്പലം | 23.000 |
| ഞാറക്കൽ | 8.000 |
| പള്ളിപ്പുറം | 4.000 |
| **ആകെ** | **137.032** |

**അനുബന്ധം 2**

| ക്രമ. നം. | പഞ്ചായത്തിന്റെ പേര് | പദ്ധതിയുടെ വിവരങ്ങൾ | അനുവദിച്ച തുക (ലക്ഷത്തിൽ) |
|---|---|---|---|
| 1. | എടവനക്കാട് | മെതിയന്ത്രം | 2.25 ലക്ഷം |
| 2. | ഞാറക്കൽ | പമ്പു സെറ്റ് 10 HP | 0.92716 |
| 3. | പള്ളിപ്പുറം | പമ്പു സെറ്റ് 10 HP | 0.92716 |
| 4. | നായരമ്പലം | 1. പൊക്കാളി റൈസ് സീഡ് സ്റ്റോറേജ് | 3.44496 |
| | | 2.പൊക്കാളി സംരക്ഷിത ഫീൽഡ് വിത്തുല്പാദന യൂണിറ്റ് | 1.62481 |
| 5. | കടമക്കുടി | പമ്പു സെറ്റ് 20 HP | 8.0 |
| | **ആകെ** | | **17.17409 ലക്ഷം** |